(ഡി) ജിമ്മിന്റെ സംഘാടനത്തിനായി സർക്കാർ, പബ്ലിക് അണ്ടർടേക്കിംഗ് എന്നിവ ഓരോന്നും എന്ത് തുക ചെലവഴിച്ചു എന്ന് തരംതിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജിം സംഘടിപ്പിക്കുന്നതിനായി 5.47 കോടി രൂപ ചെലവായി.

(ബി) വിശദാംശം അനുബന്ധം ആയി കൊടുത്തിട്ടുണ്ട്.†

(സി) ഇതിനോടകം 11 പദ്ധതികൾ പ്രവർത്തനം ആരംഭിച്ചു. വിശദവിവരം അനുബന്ധം ആയി കൊടുത്തിരിക്കുന്നു.†

(ഡി) ജിം സംഘടിപ്പിക്കുന്നതിനായി സർക്കാർ അനുവദിച്ച 5 കോടി രൂപ ഉൾപ്പെടെ ആകെ ചെലവഴിച്ച തുകയുടെ തരം തിരിച്ചുള്ള വിവരം അനുബന്ധം ആയി കൊടുത്തിരിക്കുന്നു.†

ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിനുണ്ടാകുന്ന മുതൽമുടക്ക്

3 [420] ശ്രീ. സി. കെ. നാണു:
ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ സംഘടിപ്പിച്ച ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ എത്ര കോടിരൂപയുടെ പുതിയ മുതൽമുടക്ക് സംസ്ഥാനത്തിന് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത് സംബന്ധിച്ച് എത്ര കോടി രൂപയുടെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള എം. ഒ. യു. ഒപ്പിട്ടിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിൽ ഏതെങ്കിലും വ്യവസായം സംസ്ഥാനത്ത് ആരംഭിച്ചിരുന്നുവോ എന്നും എത്രകോടി രൂപ ഇതിനുവേണ്ടി മുതൽമുടക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആഗോള നിക്ഷേപക സംഗമത്തിൽ അവതരിപ്പിച്ച മൊത്തം പദ്ധതികളുടെ പ്രതീക്ഷിക്കുന്ന മൂലധനം കണക്കാക്കിയിരുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 11,159.45 കോടി രൂപയുടെ സംരംഭങ്ങൾക്കാണ് ധാരണാപത്രം ഒപ്പിട്ടിരിക്കുന്നത്.

(സി) ഇവയിൽ 121.25 കോടി രൂപ മുതൽ മുടക്കുവരുന്ന 11 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈമാറ്റം സംബന്ധിച്ച്

4 [424] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നത് എന്നറിയിക്കുമോ;

(ബി) ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കുകൾ അനുസരിച്ച് നഷ്ടത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മൂലധനവും നഷ്ടവും എത്രയെന്നറിയിക്കാമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തൊഴിലാളികളെ ഏൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) ഇപ്രകാരം തൊഴിലാളികളെ ഏൽപ്പിക്കുന്നപക്ഷം എന്തെല്ലാം നിബന്ധനകൾക്ക് വിധേയമായാണ് പൊതുമേഖലാ സ്ഥാപനങ്ങൾ വിട്ടുനൽകുന്നതെന്ന് വിശദമാക്കാമോ;

(ഇ) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ തൊഴിലാളികൾക്ക് കൈമാറാനാണ് ഉദ്ദേശിക്കുന്നതെന്നും എന്നാണ് കൈമാറുന്നതെന്നും അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിശദാംശം അനുബന്ധമായി നൽകിയിട്ടുണ്ട്.†

(സി, ഡി ആന്റ് ഇ) 'എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി' സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ്, മെട്രോപൊളിറ്റൻ എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കെൽ-ന്റെ ഒലവക്കോട് യൂണിറ്റ് എന്നീ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly